**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പരപ്പനങ്ങാടി നഗരസഭ — തെരുവുവിളക്ക് പരിപാലനം - 2 (രണ്ട്) ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.791/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 20/03/2017

പരാമർശം : 1) പരപ്പനങ്ങാടി നഗരസഭാ കൗൺസിലിന്റെ 23/08/2016 തീയതി നടന്ന സാധാരണ യോഗത്തിലെ VII (3) -ാം നമ്പർ തീരുമാനം.
നമ്പർ തീരുമാനം.

2) പരപ്പനങ്ങാടി നഗരസഭാ ചെയർപേഴ്സണന്റെ 25/11/2016 തീയതിയിലെ എ 2-980/2016 നമ്പർ കത്ത്.

3) സംസ്ഥാന കോ-ഓഡിനേഷൻ കമ്മിറ്റിയുടെ 01/02/2017 ലെ 3.29 നമ്പർ തീരുമാനം.

**ഉത്തരവ്**

പരപ്പനങ്ങാടി നഗരസഭയിൽ തെരുവുവിളക്ക് പരിപാലനത്തിന് 2016-17 വാർഷിക പദ്ധതി പ്രോജക്ട് നമ്പർ 344/2017 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടുൾപ്പെടെ 7 ലക്ഷം രൂപ ചെലവുള്ള പ്രോജക്ടിന് അംഗീകാരം ലഭ്യമായിട്ടുണ്ടെന്നും, യോഗ്യതയുള്ള 2 (രണ്ട്) പേരെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയോഗിച്ച് പരിപാലനം നടത്തുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നതെന്നും, ടി സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് യോഗ്യതയുള്ള രണ്ടു വ്യക്തികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) ലെ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പരപ്പനങ്ങാടി നഗരസഭാ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരപ്പനങ്ങാടി നഗരസഭാ ചെയർപേഴ്സണന്റെ കത്തും, നഗരസഭാ കൗൺസിൽ തീരുമാനവും പരിഗണിച്ച്, പരാമർശം (3) പ്രകാരമുള്ള സംസ്ഥാന കോ-ഓഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരപ്പനങ്ങാടി നഗരസഭയിൽ തെരുവുവിളക്ക് പരിപാലനത്തിന് 2016-17 സാമ്പത്തിക വാർഷിക പദ്ധതിയുടെ ഭാഗമായി യോഗ്യതയുള്ള 2 (രണ്ട്) പേരെ പോൾ ഒന്നിന് 100/- (നൂറ് രൂപാമാത്രം)

ശ്രേണി ക്രമത്തിൽ (രണ്ടുപേർക്കും കൂടി) ദിവസവേതനാടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് 2016-17 വാർഷിക പദ്ധതി, പ്രോജക്ട് നമ്പർ 344/2017 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ
ചെയർപേഴ്സൺ, പരപ്പനങ്ങാടി നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ